## രാഷ്ട്രീയ റിപ്പോർട്ട്

ആഗോള മുതലാളിത്തസാമ്പത്തിക വ്യവസ്ഥകൾ പ്രതിസന്ധിയിൽ നിന്ന് കരകയറിയിട്ടില്ല. 2008 ൽ ആരംഭിച്ച ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പ്രത്യാഘാതങ്ങൾ തുടരുകയാണ്. 2019 ലെ ലോക സാമ്പത്തിക വളർച്ചാനിരക്ക് 3.2 ശതമാനത്തിനപ്പുറം പോകില്ലെന്നാണ് ജൂലൈ മാസം പ്രസിദ്ധീകരിച്ച ഐ.എം.എഫിന്റെ ലോക സാമ്പത്തിക അവലോകന റിപ്പോർട്ട് പറയുന്നത്. കമ്പോളത്തിൽ ഡിമാന്റ് കുറഞ്ഞതാണ് ഈ പിറകോട്ടടിക്ക് കാരണം. ആഗോളവ്യാപാര വളർച്ചാനിരക്കും ഉയർച്ചയിലല്ല. 2019 ആദ്യപാദത്തിൽ ലോകവ്യാപാരത്തിൽ 0.5 ശതമാനം കുറവുായി. ഇന്ത്യയുടെ സാമ്പത്തിക വളർച്ചാനിരക്ക് കുറയുമെന്നാണ് ഐ.എം.എഫ് വിലയിരുത്തൽ.

ആഗോള വ്യവസായ വളർച്ചാനിരക്കും കുറയുകയാണ്. 2019 ജൂണിൽ നിരക്ക് 0.6 ശതമാനം കുറഞ്ഞു. ലോകവ്യാപാരം ഈ കാലയളവിൽ 1.4 ശതമാനം കുറഞ്ഞു. ചൈനയും അമേരിക്കയും തമ്മിലുള്ള വ്യപാരയുദ്ധം ലോകവ്യാപാര വളർച്ചയെ ബാധിച്ചു.

ചെലവ് ചുരുക്കൽ നയങ്ങൾക്കെതിരായും, പൊരുതിനേടിയ തൊഴിലവകാശങ്ങൾ കവർന്നെടുക്കുന്നതിനെതിരായും തൊഴിലാളി വർഗ്ഗം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുത്ത്നില്പ് സമരങ്ങൾ നടത്തുന്നു്. അമേരിക്കയിൽ പ്രമുഖ ഓട്ടോമൊബൈൽ ഉൽപാദന കമ്പനിയായ "ഫോർഡ് മോട്ടോഴ്സി"ൽ തൊഴിലാളികൾ സമരം നടത്തി. വേതന വർദ്ധനവും, മെച്ചപ്പെട്ട തൊഴിലാനുകൂല്യങ്ങളും ആവശ്യപ്പെട്ടായിരുന്നു സമരം. മെച്ചപ്പെട്ട ആനുകൂല്യങ്ങളും വേതനവർദ്ധനവും ആവശ്യപ്പെട്ടുകൊ് അർജന്റീനയിലെ തൊഴിലാളികൾ ശക്തമായ പ്രക്ഷോഭം സംഘടിപ്പിച്ചു. വേതനം വെട്ടിക്കുറക്കാനുള്ള നീക്കത്തിനെതിരെ ഫ്രാൻസിലെ തൊഴിലാളികൾ വലിയ സമരം സംഘടിപ്പിച്ചു. ഡോക്ടർമാർ, ആരോഗ്യമേഖലയിലെ ജീവനക്കാർ, വക്കീൽമാർ, വ്യോമയാന ജീവനക്കാർ, ട്രാൻസ്പോർട്ട് തൊഴിലാളികൾ തുടങ്ങിയവരെല്ലാം പ്രക്ഷോഭങ്ങളിൽ പങ്കെടുത്തു. ചെലവു ചുരുക്കൽ നയത്തിനെതിരെ ഗ്രീസിലും ശക്തമായ സമരം നടക്കുകയുായി.

നവ–ഉദാരവൽകരണ നയങ്ങൾ, ജനങ്ങളിൽ ഭൂരിപക്ഷത്തെയും പാപ്പരാക്കുകയും, സമ്പത്ത് ഒരുപിടി കുത്തകകളുടെ കയ്യിൽ കേന്ദ്രീകരിക്കാനിടയാക്കുകയും ചെയ്യുന്നു. വർദ്ധിച്ച് വരുന്ന സാമ്പത്തിക അസമത്വം മുതലാളിത്ത വ്യവസ്ഥക്ക് തന്നെ ഭീഷണിയാവുന്നു. ഭൂരിപക്ഷം വരുന്ന അദ്ധ്വാനിക്കുന്ന ജനതയുടെ വരുമാനത്തിൽ വർദ്ധനയുാവാത്തതിനാൽ കമ്പോളങ്ങൾ ഇടിയുകയും, മുതലാളിത്ത ഉൽപാദന വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. നവ–ഉദാരവൽകരണ നയങ്ങൾക്കെതിരെ ജനങ്ങളിൽ ഉയരുന്ന രോഷം വലിയ പ്രക്ഷോഭമായി രൂപപ്പെടാതിരിക്കാൻ മുതലാളിത്ത ഭരണകൂടങ്ങളും, വക്താക്കളും ജനങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നു. വംശീയത, വർഗ്ഗീയത, ജാതീയത തുടങ്ങിയ പ്രശ്നങ്ങൾ ഉയർത്തിയാണ് ജനങ്ങളെ തമ്മിലടിപ്പിക്കുന്നത്. ലോകത്താകെ വലത്പക്ഷ ശക്തികൾ മേൽപറഞ്ഞ മുദ്രാവാക്യങ്ങൾ ഉയർത്തി സ്വാധീനം നേടാൻ ശ്രമിക്കുന്നു. വർഗ്ഗ ഐക്യവും, വർഗ്ഗ–സമരവും ദുർബ്ബലമാവുന്നതിനനുസരിച്ച് മൂലധനശക്തികൾക്ക് കൂടുതൽ ലാഭം നേടാൻ അവസരം സൃഷ്ടിക്കപ്പെടുന്നു. മുതലാളിത്തം ഇന്ന് നേരിടുന്നത് വ്യവസ്ഥയുടെ പ്രതിസന്ധിയാണ്.

ഇന്ത്യയിൽ 2019 ലെ തെരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷത്തോടെ 'മോഡി' വീും അധികാരത്തിലെത്തിയ ശേഷം സംഘപരിവാറിന്റെ 'ഹിന്ദുത്വ' അജയും, നവ–ഉദാരവൽകരണ നയങ്ങളും നടപ്പിലാക്കൽ വേഗത കൂടിയിട്ടു്. മുത്തലാഖ് നിരോധന നിയമം, കാഷ്മീരിനുള്ള പ്രത്യേകപദവി എടുത്ത് കളയൽ, കാഷ്മീർ വിഭജനവും സംസ്ഥാനപദവി റദ്ദാക്കലും, പൗരത്വനിയമഭേദഗതിക്കുള്ള നീക്കവും, ജനങ്ങളെ മതാടിസ്ഥാനത്തിൽ ഭിന്നിപ്പിച്ച് നിർത്താനുള്ള തന്ത്രത്തിന്റെ ഭാഗമാണ്. ഇതിനിടയിൽ പൊതുമേഖലാ സ്വകാര്യവൽകരണവും, ഉദാരവൽകരണ സാമ്പത്തിക നയങ്ങളും ശീഘ്രഗതിയിൽ നടപ്പിലാക്കുകയാണ്. കോർപറേറ്റുകൾ വൻതോതിൽ സമ്പത്ത് വാരിക്കൂട്ടുന്നു. തൊഴിലാളികളും, കർഷകരും വരുമാനം തകർന്ന് ജീവിത ക്ലേശത്തിന്റെ പിടിയിലാണ്. ജനങ്ങളുടെ വരുമാനം കുറഞ്ഞതാണ് വിപണി മാന്ദ്യത്തിലാവാനും, വ്യവസായ പ്രതിസന്ധിക്കും കാരണമായത്.

2019 ജൂലൈ മാസം പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റിൽ 2024 ആവുമ്പോഴേക്ക് ഇന്ത്യ 5 ട്രില്യൻ (1 ട്രില്യൻ : 1 ലക്ഷം കോടി) ഡോളർ സമ്പദ്ഘടനയായി മാറുമെന്നായിരുന്നു സർക്കാരിന്റെ അവകാശവാദം. ഈ ലക്ഷ്യം നേടണമെങ്കിൽ വർഷം തോറും 8 ശതമാനം വീതം വളർച്ച നേടണം.

എന്നാൽ 2019–20 വർഷത്തെ ആദ്യപാദത്തിൽ വളർച്ച 5 ശതമാനമായി ഇടിഞ്ഞു. ഈ കാലത്തെ കാർഷിക വളർച്ചാനിരക്ക് 2 ശതമാനം മാത്രമാണ്. കഴിഞ്ഞവർഷം ഇതേ കാലയളവിലെ കാർഷിക വളർച്ച 5.1 ശതമാനമായിരുന്നു. തന്ത്രപ്രധാനമായ 8 മേഖലകളിലെ വളർച്ചാനിരക്ക് 2015 ഏപ്രിൽ മുതൽ താഴോട്ടായിരുന്നു. ഇത് 2019 ആഗസ്റ്റ് മാസം 0.5 ശതമാനത്തിലെത്തി. 2019 ലെ ഉൽപാദനമേഖലയിലെ വളർച്ച വെറും 0.6 ശതമാനമായി കുറഞ്ഞു. തലേ വർഷം ഇത് 12.1 ശതമാനമായിരുന്നു. നിർമാണമേഖലയുടെ വളർച്ച തലേവർഷത്തെ 9.6 ശതമാനത്തിൽ നിന്ന് 5.7 ശതമാനമായി കുറഞ്ഞു. വ്യാപാരം, ഹോട്ടൽ, ഗതാഗതം, വാർത്താവിനിമയം എന്നീ മേഖലകളിലെ വളർച്ചാനിരക്ക് 7.8 ശതമാനമായിരുന്നത് 7.1 ശതമാനമായി കുറഞ്ഞു. ധനമേഖല, റിയൽ എസ്റ്റേറ്റ്, പ്രൊഫഷനൽ സർവ്വീസ് തുടങ്ങിയ മേഖലകളുടെ വളർച്ച 6.5 ശതമാനത്തിൽ നിന്ന് 5.9 ശതമാനമായി കുറഞ്ഞു. സാമ്പത്തിക തകർച്ച വ്യവസായ–കാർഷിക–സേവനമേഖലകളിലെല്ലാം കുറഞ്ഞിരിക്കുകയാണ്. ചരക്കുകളുടെ ഉപഭോഗം, നിക്ഷേപം എന്നീ രംഗങ്ങളിൽ വലിയ കുറവാണ് രേഖപ്പെടുത്തിയത്. ജനങ്ങളുടെ വരുമാനത്തിൽ വർദ്ധനവുവാത്തതാണ് ഉപഭോഗ വസ്തുക്കളുടെയും, ആഢംബര വസ്തുക്കളുടെയും വില്പന ഗണ്യമായി കുറയാനിടയാക്കിയത്. ബിസ്ക്കറ്റ് മുതൽ മോട്ടോർ വാഹനങ്ങൾ വരെയുള്ള ഉൽപന്നങ്ങളുടെ വില്പനയും ഉൽപാദനവും കുറയാൻ ഇടയായത് ഈ സാഹചര്യത്തിലാണ്.

വ്യവസായ ഉൽപാദന വളർച്ചാനിരക്ക് വളരെ താഴോട്ട് പോയി. 2019–20 സാമ്പത്തിക വർഷം ഏപ്രിൽ–ജൂലൈ കാലത്തെ വ്യവസായ ഉൽപാദന വളർച്ചാനിരക്ക് കേവലം 2.8 ശതമാനം മാത്രം. തലേവർഷം ഈ കാലത്ത് അത് 5.6 ശതമാനമായിരുന്നു. ഉപഭോഗവസ്തുക്കളുടെ ഉൽപാദന വളർച്ച 2.7 ശതമാനമായി കുറഞ്ഞു.

സാമ്പത്തിക പ്രതിസന്ധിയുടെ പ്രത്യാഘാതമായി രാജ്യത്ത് തൊഴിലില്ലായ്മ രൂക്ഷമായിരിക്കുകയാണ്. തൊഴിലില്ലായ്മ 9.94 ശതമാനമായി ഉയർന്നു. കഴിഞ്ഞ അരനൂറ്റാിനുള്ളിലെ ഏറ്റവും ഉയർന്ന നിരക്കാണിത്. 2019 ആഗസ്റ്റ് മാസമാവുമ്പോൾ 4.5 കോടി ജനങ്ങൾ തൊഴിൽ രഹിതരായി. യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ 28 ശതമാനമാണ്.

രൂക്ഷമായ പ്രതിസന്ധി ബാധിച്ച മേഖലയാണ് ഓട്ടോമൊബൈൽ വ്യവസായം. നാല് കോടിയോളം പേർക്ക് തൊഴിൽ നൽകുന്ന ഈ മേഖല, ദേശീയ സമ്പത്തിന്റെ 7.5 ശതമാനം സംഭാവന ചെയ്യുന്നു. ഉൽപാദന മേഖലയിലെ മൊത്തം സമ്പത്തുൽപാദനത്തിന്റെ 49 ശതമാനം ഈ മേഖലയിൽ നിന്നാണ്. 17 കാർ കമ്പനികളിൽ 10 എണ്ണത്തിലും വില്പന കുറഞ്ഞു. വൻതോതിൽ തൊഴിൽ കുറഞ്ഞു. നാനാമേഖലയെ ഈ പ്രതിസന്ധി ബാധിച്ചുകഴിഞ്ഞു.

റിയൽഎസ്റ്റേറ്റ് മേഖലയും തകർച്ചയിലാണ്. രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമായി സർക്കാർ പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകൾ എല്ലാം കോർപറേറ്റുകൾക്ക് മാത്രം ഗുണം ചെയ്യുന്നതാണ്. കാർഷിക മേഖലയുടെ പ്രതിസന്ധി പരിഹരിക്കാനോ, തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനോ ഒരു നടപടിയും സർക്കാർ സ്വീകരിച്ചില്ല. ഈ സാഹചര്യത്തിൽ രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കപ്പെട്ടില്ല.

രാം മോഡിസർക്കാർ പൊതുമേഖലാ സ്വകാര്യവൽകരണത്തിന് വേഗത കൂട്ടി. 2019–20 വർഷത്തെ ബജറ്റിൽ പൊതുമേഖലാ ഓഹരികൾ വില്പനയിലൂടെ ഒരുലക്ഷത്തിഅയ്യായിരം കോടി രൂപ വരുമാനം നേടാനാണ് ലക്ഷ്യമിട്ടത്. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഷെയറുകളും വില്ക്കാൻ വെച്ചിരിക്കുന്നു. പ്രതിരോധ വകുപ്പിന് കീഴിലുള്ള 42 ആയുധ നിർമാണ ഫാക്ടറികൾ സ്വകാര്യവൽക്കരിക്കാൻ തീരുമാനിക്കപ്പെട്ടവയാണ്. കാർഗിൽ യുദ്ധകാലത്ത് സൈന്യത്തിനാവശ്യമായ ആയുധങ്ങൾ ഉൽപാദിപ്പിച്ച് നൽകുന്നതിൽ മികച്ച പങ്ക് വഹിച്ച കമ്പനികളാണിവ. 6 വിമാനത്താവളങ്ങൾ നേരത്തെ സ്വകാര്യവൽകരിച്ചു. കൂടുതൽ വിമാനത്താവളങ്ങൾ സ്വകാര്യവൽകരണത്തിന് നീക്കിവെച്ചിരിക്കുന്നു. തിരുവനന്തപുരം വിമാനത്താവളം പട്ടികയിലുായിരുന്നെങ്കിലും കേരള സർക്കാരിന്റെ കടുത്ത എതിർപ്പ് കാരണം തൽക്കാലം ഒഴിവാക്കി.

രാജ്യത്തെ എണ്ണക്കമ്പനികളിൽ പ്രമുഖ സ്ഥാപനമായ ബി.പി.സി.എൽ. മഹാരത്ന പദവിയുള്ള കമ്പനിയാണ്. ഇന്ത്യയിലെ ഏറ്റവും വലിയ ഏഴാമത്തെ കമ്പനി. മുമ്പ് ബ്രിട്ടീഷ് കമ്പനിയായിരുന്ന 'ബർമാഷെൽ' 1976 ൽ ദേശവൽക്കരിച്ചാണ് ബി.പി.സി.എൽ. ആക്കിയത്. തുടക്കം മുതൽ തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചതും കേന്ദ്രസർക്കാരിന് കോടികൾ ലാഭവിഹിതമായി നൽകിയതുമായ ഈ സ്വർണഖനി സ്വകാര്യകുത്തകകളെ ഏൽപിക്കുകയാണ്.

റെയിൽവേ ഘട്ടം ഘട്ടമായി സ്വകാര്യവൽക്കരിക്കുകയാണ്. ദിവസേന 20000 തീവികൾ ഇന്ത്യൻ റെയിൽവേ സർവ്വീസ് നടത്തുന്നു.8.26 കോടി യാത്രക്കാരാണ് ഒരു ദിവസം തീവി യാത്ര നടത്തുന്നത്. അവരുടെ യാത്രാചിലവ് ചുരുങ്ങിയതാണ്. ഭക്ഷ്യധാന്യങ്ങൾ, കൽക്കരി, സിമന്റ്, കമ്പി തുടങ്ങിയ ഉല്പന്നങ്ങളും, പെട്രോളിയം ഉൽപന്നങ്ങളും ചുരുങ്ങിയ നിരക്കിൽ റെയിൽവേ ലക്ഷ്യ സ്ഥാനത്തെത്തിക്കുന്നു. ജനങ്ങളുടെ നികുതിപണം നിക്ഷേപിച്ചു പടുത്തുയർത്തിയ റെയിൽവേ സ്വകാര്യ കോർപറേറ്റുകൾ കുറച്ച് കാലമായി ലക്ഷ്യമിടുന്നു. 2017 മാർച്ച് വരെയുള്ള കണക്കനുസരിച്ച് ഇന്ത്യൻ റെയിൽവേയുടെ സ്വത്ത് താഴെപറയും പ്രകാരമാണ്.

**രാജ്യത്താകെ റെയിൽവേ ഭൂമി – 11.42 ലക്ഷം ഏക്കർ**

**വാഗണുകൾ – 2,77,987 എണ്ണം**

**പാസഞ്ചർ കോച്ചുകൾ – 70,937 എണ്ണം**

**ലോക്കോമോട്ടീവ് – 11,452 എണ്ണം**

**യാത്രക്കാർ ദിവസേന – 8.26 കോടി**

**റെയിൽ ആകെ ദൂരം – 67,687 കിലോമീറ്റർ**

**ആകെ തൊഴിലാളികൾ – 13.08 ലക്ഷം**

**2017–18 ആകെ വരുമാനം – 1,87,400 കോടി രൂപ**

വടക്കേഅമേരിക്കയിലും, ചില യൂറോപ്യൻ രാജ്യങ്ങളിലും തീവിയാത്ര വിമാനയാത്രയേക്കാൾ ചിലവേറിയതാണ്. ഇന്ത്യൻ റെയിൽവേ സബ്സിഡി നൽകി കുറഞ്ഞ യാത്രാക്കൂലി വാങ്ങി സാധാരണ ജനങ്ങളെ സഹായിക്കുന്നു. ഈ മഹത്തായ പൊതുമേഖലാസ്ഥാപനമാണ് ബി.ജെ.പി.സർക്കാർ സ്വകാര്യവൽകരിക്കുന്നത്. സ്വകാര്യ തീവികൾ ഓടിക്കാൻ 45 റൂട്ടുകളിൽ അനുമതി നല്കി. തീവി എഞ്ചിൻ നിർമിക്കുന്ന ചിത്തരജ്ഞൻ ലോക്കോമോട്ടീവ് ഫാക്ടറി, കപൂർതല കോച്ച് ഫാക്ടറി, റായ്ബറേലി കോച്ച്ഫാക്ടറി തുടങ്ങിയവ സ്വകാര്യവൽകരിക്കുന്നു. ഈ സ്വകാര്യവൽകരണം സൃഷ്ടിക്കുന്ന പ്രത്യാഘാതം വളരെ വലുതാണ്.

തകർക്കപ്പെടുന്ന മറ്റൊരു പൊതുമേഖലാ സ്ഥാപനമാണ് ബി.എസ്.എൻ.എൽ. റിലയൻസ് 'ജിയോ'ക്ക് വേയാണ് ഈ നടപടി. ബി.എസ്.എൻ.എൽ.ന് 2015 ലെ കണക്കനുസരിച്ച് 12 കോടി ഉപഭോക്താക്കളു്. രാജ്യത്തിന്റെ മുക്കിലും മൂലയിലുമെല്ലാം വാർത്താവിനിമയം നടത്തുന്ന സ്ഥാപനം, പ്രകൃതി ദുരന്തം, യുദ്ധം പോലുള്ള അടിയന്തിര സാഹചര്യങ്ങളിലും സേവനം നല്കുന്ന ഏക സ്ഥാപനം. 2000 ൽ രൂപം കൊ ബി.എസ്.എൻ.എൽ നൂറുശതമാനം കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ്. 'സെൽവൺ' ലോഞ്ച് ചെയ്തത് 2002 ലാണ്. 6 മാസത്തിനകം 24 ലക്ഷം വരിക്കാരെ ലഭിച്ചു. ഇത് 2014 ആവുമ്പോഴേക്ക് 80 ദശലക്ഷമായി ഉയർന്നു. ബ്രോഡ്ബാന്റ് സേവനത്തിന്റെ 60 ശതമാനം, ഇന്ത്യയിലെ 5–ാമത്തെ മൊബൈൽ സേവനദാതാവ്, 31.12.16 ന് 2.25 ലക്ഷം ജീവനക്കാർ, 2006 ൽ 8000 കോടി രൂപ ലാഭം നേടി; ബി.എസ്.എൻ.എൽ. രംഗത്ത് വരുന്നതിന് മുമ്പ്, ആദ്യകാലത്ത് മൊബൈൽ കാൾചാർജ്ജ് ഒരു മിനിട്ടിന് 16 രൂപ; കാൾ കുറച്ചത് ബി.എസ്.എൻ.എൽ. ഈ സ്ഥാപനത്തെയാണ് കേന്ദ്രസർക്കാർ തകർക്കുന്നത്. ജീവനക്കാരുടെ ശമ്പളം മുടങ്ങുന്നു. 8 മാസമായി ശമ്പളം ലഭിക്കാത്ത കരാർ തൊഴിലാളികളിൽ ചിലർ ആത്മഹത്യ ചെയ്തു.

1947 ൽ ഇന്ത്യയുടെ വൈദ്യുതി ഉൽപാദനശേഷി 1362 മെഗാവാട്ട് അതും സ്വകാര്യമേഖലയിൽ. NTPC, NHPC, NPCIL, DVC എന്നീ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ പിന്നീട് സ്ഥാപിക്കപ്പെട്ടു. സംസ്ഥാന സർക്കാരുകൾ സ്വതന്ത്രമായി പൊതുമേഖലാ ഉൽപാദന–വിതരണ സ്ഥാപനങ്ങൾ സ്ഥാപിച്ചു. വൈദ്യുതി ഉൽപാദന ഉപകരണങ്ങൾ നിർമിക്കുന്ന BHEL ലോകത്തെ ഈ രംഗത്തെ ഏഴാമത്തെ വലിയ സ്ഥാപനമാണ്.

NTPC – ഇന്ത്യയിലെ ഏറ്റവും വലിയ വൈദ്യുതി കമ്പനി.

NHPC – സ്ഥാപിതശേഷി –6717 MV

NPCIL – ആണവ ഊർജ്ജ ഉൽപാദന പദ്ധതി

പവർഗ്രിഡ് കോർപറേഷൻ – പ്രസരണ ശൃംഘല രാജ്യത്താകെ സ്ഥാപിച്ചു.

**21.08.2019 വൈദ്യുതി ഉൽപാദന അവസ്ഥ**

| **സെക്ടർ** | **MV** | **ശതമാനം** |
|---|---|---|
| സംസ്ഥാനം | 1,02,818 | 28.5% |
| കേന്ദ്രം | 90,177 | 25% |
| സ്വകാര്യം | 1,67,462 | 46.5% |
| **ആകെ** | **3,60,456** | |

സ്വകാര്യ കമ്പനികൾ താരതമ്യേന ഉയർന്ന നിരക്കിൽ വൈദ്യുതി വിൽക്കുന്നു. സംസ്ഥാന ബോർഡുകൾ സബ്സിഡി നൽകി സാധാരക്കാർക്ക് കുറഞ്ഞ നിരക്കിൽ നൽകുന്നു. NLC തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന് യൂണിറ്റിന് 2.30 രൂപ നിരക്കിൽ നൽകുമ്പോൾ അഡാനി ഗ്രൂപ്പ് 7.01 രൂപക്കാണ് നൽകുന്നത്. സ്വകാര്യമേഖലയിലെ വൻകിട കമ്പനികൾ – ഭൂഷൺ പവ്വർ, എസ്സാർ പവ്വർ – എന്നീ കമ്പനികൾ വൻ ബാങ്ക്കടമുള്ളവരാണ്. 2003 ൽ വാജ്പെയ് സർക്കാരാണ് വൈദ്യുതി മേഖലയിൽ സ്വകാര്യ കമ്പനികൾക്ക് പ്രവേശനം നൽകിയത്. ഇപ്പോൾ സമ്പൂർണ സ്വകാര്യവൽകരണം ലക്ഷ്യം വെച്ച്, വൈദ്യുതി ആക്ട് വീും ഭേദഗതി ചെയ്യാൻ മോഡി സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

1969 ലാണ് ഇന്ത്യയിൽ ആദ്യമായി ബാങ്ക് ദേശസാൽകരണം നടന്നത്. തുടർന്നാണ് പാവപ്പെട്ടവർക്ക് ബാങ്കുകൾ പ്രാപ്യമായത്. ഗ്രാമപ്രദേശങ്ങളിൽ ബാങ്ക് ബ്രാഞ്ചുകൾ പ്രവർത്തിക്കാൻ തുടങ്ങി. PMRY, IRDP തുടങ്ങിയ സ്കീമുകളുായി. ദേശസാൽകരണത്തിന് ശേഷം ബാങ്കുകൾ വളർന്നു. 1968 ൽ SBI ക്കും അസോസിയേറ്റ്സിനുംകൂടി 3379 ശാഖകൾ ഉായിരുന്നത്, 2017 ആവുമ്പോൾ 25593 ആയി. മറ്റ് ഷെഡ്യൂൾഡ് ബാങ്കുകൾക്ക് 1968 ൽ 5104 ബ്രാഞ്ചുകൾ. 2017 ൽ 98639 ബ്രാഞ്ചുകൾ.

1969 – ആകെ ബ്രാഞ്ചുകൾ – 8262
ആകെ നിക്ഷേപം – 3897 കോടി രൂപ
ആകെ വായ്പ – 3035 കോടി രൂപ

2017 – പൊതുമേഖലാബാങ്കുകൾ
ആകെ ബ്രാഞ്ച് – 94025
ആകെ നിക്ഷേപം – 78,10,464 കോടി രൂപ
ആകെ വായ്പ – 53,66,399 കോടി രൂപ

2017 – സ്വകാര്യബാങ്കുകൾ
ആകെ ബ്രാഞ്ചുകൾ – 29906
ആകെ നിക്ഷേപം – 28,33,267 കോടി രൂപ
ആകെ വായ്പ – 24,10,301 കോടി രൂപ

ദേശസാൽകൃത ബാങ്കുകൾ സ്വകാര്യവൽരിക്കാനാണ് കേന്ദ്രസർക്കാർ ശ്രമം. ആദ്യ പടിയായി കേന്ദ്രസർക്കാർ ഷെയർ 52% ആയി കുറച്ചു. ബാക്കി സ്വകാര്യകമ്പനികൾക്ക് വിറ്റു. ഇത് ഇനി 40% ആക്കി കുറക്കാനാണ് തീരുമാനം. ICICI സ്വകാര്യവൽകരിച്ചു. UTI യെ സ്വകാര്യവൽകരിച്ച്, UTI ബാങ്ക് പിന്നീട് ആക്സിസ് ബാങ്കുമാക്കി. ഭവനനിർമാണ മേഖലയെ സഹായിക്കാൻ ഉാക്കിയ HDFC യെ സ്വകാര്യവൽകരിച്ചു. വൻകിട കുത്തകകൾക്ക് ബാങ്കുകൾ നല്കിയ വായ്പയിൽ ഏകദേശം 10 ലക്ഷം കോടി രൂപ കിട്ടാക്കടമായി മാറി. പല ബാങ്കുകളും പ്രതിസന്ധിയിലാണ്.

2020 ജനുവരി 8 ന് നടക്കുന്ന പണിമുടക്കിനാധാരമായി ഉയർത്തുന്ന മുദ്രാവാക്യങ്ങളിൽ ഒന്ന് പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽകരിക്കരുത് എന്നാണ്. ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് പടുത്തുയർത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ ചളുവിലക്ക് സ്വകാര്യ കുത്തകകൾക്ക് കൈമാറുകയാണ്. ഇതാണ് ചങ്ങാത്ത മുതലാളിത്തം.

******